KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.32/PR/PIC/PHQ/17 Date : 18.02.2017

# പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു

അങ്കമാലിയിലെ തട്ടിക്കൊണ്ടുപോകൽ സംഭവവുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി സ്റ്റേഷനിൽ ക്രൈം നമ്പർ 297/2017 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷിക്കുന്നതിന് നോർത്ത് സോൺ ക്രൈം ബ്രാഞ്ച് ഐ.ജി. ദിനേന്ദ്ര കശ്യപിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉത്തരവായി. കൊച്ചി റേഞ്ച് ഐ.ജി പി. വിജയൻ, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്, കൊച്ചി സിറ്റി ഡപ്യൂട്ടി കമ്മീഷണർ യതീഷ് ചന്ദ്ര ജി.എച്ച്,, ആലുവ ഡിവൈ.എസ്.പി ബാബുകുമാർ കെ.ജി., കൊച്ചി സിറ്റി ഇൻഫോപാർക്ക് വനിത സി.ഐ രാധാമണി.പി.കെ. എന്നിവർ ടീമിൽ ഉണ്ടാകും. ഡിവൈ.എസ്.പി ബാബു കുമാറാണ് അന്വേഷണ ഉദ്യോഗസ്ഥൻ. ആവശ്യമുള്ള കൂടുതൽ അംഗങ്ങളെ ടീമിൽ ഉൾപ്പെടുത്തുന്നതിന് നോർത്ത് സോൺ ക്രൈം ബ്രാഞ്ച് ഐ.ജി. ദിനേന്ദ്ര കശ്യപിന് അനുവാദം നൽകിയിട്ടുണ്ട്.

സൗത്ത് സോൺ എ.ഡി.ജി.പി ഡോ.ബി.സന്ധ്യ അന്വേഷണത്തിന് മേൽനോട്ടം വഹിക്കും.

ഇതുകൂടാതെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് മറ്റൊരു പ്രത്യേക സംഘത്തേയും സംസ്ഥാന പോലീസ് മേധാവി നിയോഗിച്ചിട്ടുണ്ട്.

***